(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ അബ്കാരി നികുതി ഇനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത് 800 കോടി രൂപയായിരുന്നു. 31-12-2003 വരെ 423.33 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ്

43 [1050] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03 വർഷത്തിൽ ഓരോ മാസവും ബിവറേജസ് കോർപ്പറേഷന്റെ വിറ്റു വരവ് എത്രയെന്ന് കാണിക്കുന്ന പട്ടിക മേശപ്പുറത്ത് വയ്ക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ മാസവും വിവിധ ഇനം നികുതികളും ഡ്യൂട്ടികളുമായി കോർപ്പറേഷന്റെ വില്പനയിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 2003-04 വർഷം 31-12-2003 വരെ കോർപ്പറേഷന്റെ ഓരോ മാസത്തേയും വിറ്റുവരവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതേ കാലയളവിൽ വിവിധയിനം ഡ്യൂട്ടിയും നികുതിയും ഇനത്തിൽ ഓരോ മാസവും കോർപ്പറേഷന്റെ വിൽപ്പനയിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.‡

(സി, ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.§

ഇൻഡ്യൻ നിർമ്മിത വിദേശമദ്യം വിൽക്കുന്ന റീട്ടെയിൽ ഔട്ട്ലെറ്റുകൾ

44 [1051] ശ്രീ. എൻ. ശക്തൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. മുരളി:
,, ടി. എൻ. പ്രതാപൻ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം വിൽക്കുന്ന എത്ര റീട്ടെയിൽ ഔട്ട്ലെറ്റുകളുണ്ട്;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

† അനുബന്ധം 5

‡ അനുബന്ധം 6, § അനുബന്ധം 6 എ

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദേശമദ്യം വിൽക്കുവാനനുവദിച്ചിട്ടുള്ള ക്ലബ്ബുകൾ സംസ്ഥാനത്തുണ്ടോ;

(ഡി) എത്ര ബിയർ പാർലറുകളാണ് സംസ്ഥാനത്തുള്ളത്;

(ഇ) പുതുതായി ബിയർ പാർലറുകളും ബാർ ഹോട്ടലുകളും ഇൻഡ്യൻ നിർമ്മിത വിദേശമദ്യം വിൽക്കുന്ന റീട്ടെയിൽ ഔട്ട്ലെറ്റുകളും തുടങ്ങാനുദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 351.

(ബി) 503.

(സി) അംഗങ്ങൾക്കും അതിഥികൾക്കും വിദേശമദ്യം വിൽക്കുവാൻ അനുവദിച്ചിട്ടുള്ള ക്ലബ്ബുകൾ സംസ്ഥാനത്തുണ്ട്.

(ഡി) 43.

(ഇ) മൂന്നു സ്റ്റാറിനും അതിനു മുകളിലും സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്കും, ഹെറിറ്റേജ് വിഭാഗത്തിൽപ്പെടുന്ന ഹോട്ടലുകൾക്കും ബാർ ലൈസൻസ് അനുവദിക്കുന്നുണ്ട്. സർക്കാർ വിജ്ഞാപനം ചെയ്ത ടൂറിസ്റ്റ് സെന്ററുകളിൽ ബിയർ പാർലറുകൾ അനുവദിക്കുന്നുണ്ട്. ഇൻഡ്യൻ നിർമ്മിത വിദേശമദ്യ വിൽപ്പന ശാലകൾ തുടങ്ങുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

സ്പിരിറ്റ് കള്ളക്കടത്ത് കേസ്സുകൾ

45 [1052] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് എത്ര സ്പിരിറ്റ് കള്ളക്കടത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ചെക്ക്പോസ്റ്റുകളിൽ കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പറയുമ്പോഴും ചെക്ക്പോസ്റ്റുകൾവഴി ഇപ്രകാരം സ്പിരിറ്റ് കടത്തുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എത്രയെണ്ണം കോടതികളിൽ ഫയൽ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) സ്പിരിറ്റ് കള്ളക്കടത്ത് കേസ്സുകളിൽ കോടതിയിൽ നടപടികൾ എത്തിക്കുന്നതിൽ എക്സൈസ് വകുപ്പിൽ കാലതാമസം ഉണ്ടാകാറുണ്ടോ;

(ഇ) എങ്കിൽ ഇത്തരം കാലതാമസം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly